പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.7590 | 17.07.2012 ൽ മറുപടിയ്ക്ക് |
| --- | --- |
| അംഗൻവാടി വർക്കർ/ഹെൽപ്പർമാരുടെ സ്ഥലം മാറ്റത്തിനുള്ള മാനദണ്ഡം | |
| ചോദ്യം | ഉത്തരം |
| ശ്രീ. ഇ. പി. ജയരാജൻ | ഡോ. എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) സംയോജിത ശിശുവികസന പദ്ധതിയിൻ കീഴിൽ ജോലി ചെയ്യുന്ന അംഗൻവാടി വർക്കർ/ഹെൽപ്പർ എന്നിവരുടെ സ്ഥലംമാറ്റം സംബന്ധിച്ച് മാനദണ്ഡങ്ങൾ നിശ്ചയിച്ചു കൊണ്ട് 24. 11 .2010 - ൽ സാമൂഹ്യക്ഷേമ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവിന്റെ അന്തഃസത്ത വ്യക്തമാക്കുമോ ; | (എ) അംഗൻവാടി പ്രവർത്തകർ താമസിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയ്ക്ക് പുറത്തായി ജോലി ചെയ്യുന്നവർക്ക് സ്വന്തം തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയ്ക്കകത്തും, ഒരു പ്രോജക്ട് പരിധിയിൽ നിന്ന് മറ്റൊരു പ്രോജക്ട് പരിധിയിലേയ്ക്ക് സ്ഥലം മാറ്റം ആവശ്യപ്പെടുന്നവർക്ക് അത് ലഭ്യമാക്കുന്നതിനും, പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, വിധവകൾ, 40 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതകൾ, അംഗവൈകല്യമുള്ളവർ, അംഗവൈകല്യമുള്ളതോ ബുദ്ധിവികാസം പ്രാപിക്കാത്തതോ ആയ കുട്ടികളുടെ അമ്മമാർ, 55 വയസ്സ് കഴിഞ്ഞവർ, ജവാന്മാരുടെ ബന്ധുക്കൾ, സ്വാതന്ത്ര്യസമര സേനാനികളായ രക്ഷിതാക്കളെ സംരക്ഷിക്കുന്ന മകൾ, മിശ്രവിവാഹിതർ, കുട്ടികളെ ദത്തെടുത്ത് വളർത്തുന്ന അമ്മമാർ എന്നിവർക്ക് യഥാക്രമം മുൻഗണന നൽകുന്നതിനും ഉദ്ദേശിച്ചിട്ടുള്ളതായിരുന്നു 24.11.2010 ലെ സ.ഉ(എം.എസ്)നം. 82/10/ സാക്ഷേവ ഉത്തരവ്. |

| | |
|---|---|
| (ബി) യാത്രാ സൗകര്യം ലഭ്യമല്ലാത്ത ആദിവാസി ഊരുകളിലും വനമേഖലകളിലും ഉൾനാടൻ ഗ്രാമങ്ങളിലും പട്ടികജാതി/പട്ടിക വർഗ്ഗ കോളനികളിലും തുച്ഛമായ ഓണറേറിയത്തിന് സേവനമനുഷ്ഠിക്കുന്ന അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും സ്ഥലം മാറ്റം നൽകുന്നതിന് മാനദണ്ഡം വേണ്ടതില്ല എന്ന് അഭിപ്രായമുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിലാണോ പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്തത് ; | (ബി) ഇപ്രകാരമൊരു അഭിപ്രായം സർക്കാരിനില്ല. ഇപ്രകാരമുള്ള അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലുമല്ല, ടി ഉത്തരവ് റദ്ദ് ചെയ്തത്. |
| (സി) പ്രസ്തുത ഉത്തരവ് 30.05.2012 ലെ ജി .ഒ. (എം.എസ്) നം.31/2012 നമ്പർ ഉത്തരവിലൂടെ റദ്ദു ചെയ്യാനുണ്ടായ കാരണം വ്യക്തമാക്കാമോ ; | (സി) ബഹു. കേരള ഹൈക്കോടതിയുടെ W.P.(C) 25614/2009, W.A 1528/2010 എന്നീ കേസുകളിലെ യഥാക്രമം 15.10.2009-ലെയും 29.09.2010-ലെയും വിധിന്യായങ്ങൾക്ക് അനുസൃതമല്ലാത്തതിനാലും പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്യണമെന്ന നിയമോപദേശത്തെ തുടർന്നുമാണ് ഈ ഉത്തരവ് റദ്ദ് ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ